
ST. MATHEW'S HIGH SCHOOL
മയിൽപീലി
KANNANKARA




# ലിറ്റിൽകൈറ്റ്സ്

LK/2018/34015

## സെന്റ് മാത്യൂസ് ഹൈസ്കൂൾ,കണ്ണങ്കര

## ഡിജിറ്റൽ മാഗസിൻ

2018-19

# സന്ദേശം

ലിറ്റിൽ കൈറ്റ്സിന്റ ആഭിമുഖ്യത്തിൽ നമ്മുടെ സ്കൂളിലെ  കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തികൊണ്ട് പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന്  എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു .

കുട്ടികളായ നിങ്ങളിൽ ഉറങ്ങിക്കിടക്കുന്ന കലാവാസനകളെയും കഴിവുകളെയും  പരിപോഷിപ്പിക്കുവാൻ കലയും സാഹിത്യവും ആസ്വദിച്ച് വളരുവാൻ ഇതിലൂടെ നിങ്ങൾക്കു കഴിയട്ടെ ഈഅമൂല്യ നിധി തയ്യാറാക്കുവാൻ പ്രയത്നിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു ;വിജയാശംസകൾ നേരുന്നു .

ഒ.എം.മാത്യു

ഹെഡ് മാസ്റ്റർ

# മുഖമൊഴി

കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്ന ആലപ്പുഴയിലെ പ്രസിദ്ധമായ വേമ്പനാട് കായലിന്റെ തീരത്ത് അറിവിന്റെയും കലയുടെയും അക്ഷരപാഠം പകർന്നുകൊടുത്തുകൊണ്ട് വിലസുന്ന അക്ഷരമുത്തശ്ശി-അതാകുന്നു സെന്റ്. മാത്യൂസ് ഹൈസ്കൂൾ കണ്ണങ്കര.


ഓരോ മയിൽപ്പീലിയും അഴകുറ്റതാകുന്നു. മയിൽപ്പീലിയുടെ വർണ്ണാഭമായ നിറച്ചാർത്തുകളണിയിക്കുന്ന പ്രതിഭാസങ്ങളണ് ഈ മാഗസിനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പുസ്തകതാളുകളിൽ ഒളിച്ചുവച്ചിരിക്കുന്ന മയിൽപ്പീലികൾ നിങ്ങൾക്കായി ഞങ്ങൾ ഇതാ തുറന്നുവയ്ക്കുന്നു.

മയിൽപീലി

## ഉള്ളടക്കം


മുഖമൊഴി.....4
വായനാദിന ക്വിസ്.....7
അവനദ്ധവാദ്യങ്ങൾ.....8
എന്റെ ഗുരു.....11
ഗാന്ധിക്വിസ്.....12
GOD'S WORK.....13
रालेगाड़ी (हिंदी कविता ).....14
ജവാന്റെ തേപ്പുകാരി.....18
കടംകഥകൾ.....20
കേരളനാട്.....21
വള്ളംകളിയുടെ നാട്.....21
മഹത് വചനങ്ങൾ.....28
മഹത് വ്യക്തികൾ.....29
ഗണിതശാസ്ത്രത്തിന്കേരളത്തിന്റെസംഭാവന.....30
MATHEMATICIANS.....31
ഗണിതശാസ്ത്ര ക്വിസ്.....32
നമ്മളിൽ തുടങ്ങി നമ്മളിൽ ഒരാളായി.....34
കലാംമൊഴികൾ.....35
നങ്ങേലിയും ഉണ്ണിയും.....36
പഴഞ്ചൊല്ലുകൾ.....37
ശതമാനം.....38
ക്വിസ് ഇന്ത്യ.....40
ശാസ്ത്രക്വിസ്.....44
സ്ക്കൂൾ ക്വിസ്സ്.....45
തെയ്യകം താരാ .....46
.....47
എന്റെ യാത്രാവിവരണം.....47
കവിത.....49
നന്ദി.....50


•


ADITHYAN. B.G

# വായനാദിന ക്വിസ്

'വായിച്ചാൽ വളരും വായിച്ചില്ലേലും വളരും, വായിച്ചാൽവിളയും വായിച്ചില്ലേൽ വളയും എന്ന്പറഞ്ഞത്ആര്?

കുഞ്ഞുണ്ണിമാഷ്

വായനാദിനം ആചരിക്കുന്നത് ആരുടെ ഓർമ്മയ്ക്കാണ് ?


പി.എൻ പണിക്കർ

പി.എൻ പണിക്കരുടെ ചരമദിനം എന്ന് ?


ജൂൺ 19

പി.എൻ പണിക്കരുടെ പൂർണരൂപം എന്ത് ?

പുതുവായിൽ നാരായണ പണിക്കർ



-



# അവനദ്ധവാദ്യങ്ങൾ

തുകൽ നിർമിതമായ വാദ്യങ്ങളാണ് അവനദ്ധവാദ്യങ്ങൾ അഥവാ തുകൽ വാദ്യങ്ങൾ .ഉടുക്ക്,ഇടയ്ക്ക,ഗഞ്ചിറ,ചെണ്ട,ഡമരു,തബല,എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു

.അവനദ്ധവാദ്യങ്ങളെപ്രധാനതാളവാദ്യങ്ങൾ,ഉപാതാളവാദ്യങ്ങൾ

എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്

## ചെണ്ട

കേരളത്തിലെ തനതു വാദ്യമാണ് ചെണ്ട പതിനെട്ട് വാദ്യവും ചെണ്ടക്കു താഴെ എന്നൊരു ചൊല്ലുതന്നെയുണ്ട് കഥകളി ,കൂടിയാട്ടം എന്നീ രംഗകലകളിലെ പ്രാധന പശ്ചാത്തലവാദ്യമാണ് ചെണ്ട .ചെണ്ടയുടെ രണ്ടു വശവും തുകൽ കൊണ്ട് ആവരണം ചെയുന്നു .തോളിൽ തൂക്കിയിട്ട് രണ്ടു കൈകളിലും കോൽ പിടിച്ച് ഒരു വശത്തു മാത്രം കൊട്ടുന്നു. ഉരുട്ടുചെണ്ട ,പീക്കൻചെണ്ട എനിക്കിങ്ങനെ പലതരം ചെണ്ടകളുണ്ട് .



## മൃദംഗം

കർണാടക സംഗീതക്കച്ചേരികൾക്കും ദക്ഷിണേന്ത്യൻനൃത്തപരിപാടികൾക്കുംതാളവാദ്യമായി ഉപയോഗിക്കുന്നു. പ്ലാവിൻ തടിയിൽ ഉള്ളുപൊള്ളയായി



നിർമ്മിക്കുന്നു. വശങ്ങൾ രണ്ടും തുകൽ വലിച്ചുകെട്ടി ആവരണം ചെയ്തിരിക്കും

## മദ്ദളം

മൃദംഗത്തേക്കാൾ അല്പം വലുതാണ് മദ്ദളം .അറയിൽ തുണിചുറ്റി മദ്ദളം കോർത്തുകെട്ടി ഇരുവശത്തും കൈകൊണ്ടടിച്ചു വായിക്കുന്നു.പ്ലാവിൻ തടിയിലാണ് ചട്ടക്കൂട് .വലതുവശം കാള യുടെ തുകൽ കൊണ്ടും ഇടതുവശം എരുമയുടെ തുകൽ കൊണ്ടും ആവരണം ചെയ്തിരിക്കും .വിരലുകൾ പൊട്ടാതിരിക്കുവാനും ശബ്ദം വർധിപ്പിക്കുന്നതിനും വിരലുകളുടെഅറ്റത്തുകട്ടിയുള്ള ഉറകൾ ധരിക്കും



## ഘടം

വലിയ കളത്തിന്റെ ആകൃതിയുള്ള ഘടം ഒരു ഉപാതാളവാദ്യമാണ് .കളിമണ്ണിനോടൊപ്പം ഇരുമ്പുതരികളും കൂട്ടികുഴ്ച് ചൂളയിൽ ഇട്ട് ഘടം ചുട്ടെടുക്കുന്നു വിരലുകളും മണിബന്ധവും കൊണ്ട് തട്ടിയാണ് വായിക്കുന്നത്





LEKSHMI

## എന്റെ ഗുരു


ആദ്യമായി കൈവിരൽ തുമ്പിൽ പിടിച്ചെന്നെ
 അക്ഷര ലോകത്തെ കൂട്ടുകാരാക്കിത്തന്ന
എന്നുമെൻ കൺകണ്ട ദൈവമാണെൻ ഗുരു
തെറ്റും ശരിയും വേർതിരിച്ചെന്നും
കാണിച്ചുതന്ന എൻ ഗുരു
എന്നെ നേർവഴിക്കെന്നും മായിച്ചു
'അ' എന്ന ആദ്യ അക്ഷരത്തിൽ തുടങ്ങി
അറിവിന്റെലോകത്തേക്കെന്നെ നയിച്ച
ആദ്യമുഖം മുതൽ ഇന്നേവരെയുള്ള
എല്ലാവരും മായാത്ത ഓർമയായി
എന്നും എന്റ മനസ്സിൽ നിലനിൽക്കും .

ജോയിഷ മരിയ ജോയി

# ഗാന്ധിക്വിസ്

1) ഇന്ത്യയുടെ രാഷ്ട്രപിതാവ് എന്ന ഗാന്ധിജിയെ ആദ്യം വിശേഷിപ്പിച്ചത് ആര് ?

സുബാഷ് ചന്ദ്രബോസ്



2) വാഗൺ ട്രാജഡി ദുരന്തം നടന്ന റെയിൽ റൂട്ട് ?

തിരൂർ -താനൂർ

3) സ്വതന്ത്ര ഭാരതത്തിലെ ആദ്യ വോട്ടർ ?

ശാം ശരൺ

4) ഇന്ത്യയിലെ ആദ്യത്തെ യൂറോപ്യൻ കോട്ട ഏത് ?

മാനവേൽ കോട്ട

5) ഇന്ത്യയിലെ ആദ്യത്തെ യൂറോപ്യൻ കോട്ട ഏത് ?

മാനവേൽ കോട്ട

6) സെർവെൻറ്സ് ഓഫ് ഇന്ത്യ സൊസൈറ്റി യുടെ സ്ഥാപകൻ ?

ഗോപാല കൃഷ്ണ ഗോഖേലെ

7) ഉപ്പ നിയമം ലംഘനത്തിന് കേരളത്തിൽ നേതൃത്വം കൊടുത്ത വ്യക്യതി ?

കെ .കേളപ്പൻ

8) മഹാത്മാ ഗാന്ധിയുടെ പിതാവിന്റെ പേര് ?

കരംചന്ദ് ഗാന്ധി

9) ഗാന്ധിജി വെടിയേറ്റ് വീണ സ്ഥലം ?

ബിർളാമന്ദിർ

10) ഗാന്ധിജി വധിക്കപ്പെട്ട ദിവസം ?

1948 ജനവരി 30

11) മഹാത്മാഗാന്ധിയുടെ ഭൗതിക ശരീരം അടക്കം ചെയ്ത സ്ഥലം ?

രാജ്ഘട്ട്

12) ഗാന്ധിജി കസ്തൂർഭയെ വിവാഹം കഴിച്ച വർഷം ?

1883

# GOD'S WORK

Cows in the meadow,
And birds in the tree;
Horses on high way
And fish in the sea;
sailors in schooners,
And miners in mines,
Deep down in pits,
where the sum never shines;
girls play jingo – ring.
Boys sounding tops;
Mothers in kitchens,
And fathers in shops;
The sun in the heavens,
From morning to night,
Making the fields and flowers,
Laugh in his light;
Watching over everything
All the day through;
What a lot of work
God has to do!

By
Aswin Aji


# <u>रालेगाड़ी</u> (हिंदी कविता )




छुक -छुक-छुक- छुक रेलगाड़ी
खूब सवारी ले जाती है ।
बीच वाले स्टेशन बोले,
रुक-रुक-रुक-रुक-रेलगाड़ी ।
इंजन जाये आगे ही आगे ,
पीछे पीछे डिब्बे भागे ।
छुक-छुक-छुक-छुक रेलगाड़ी ,
रुक-रुक-रुक-रुक रेलगाड़ी ।







# ജവാന്റെ തേപ്പുകാരി

ഇന്ന് നമ്മുടെ നാട്ടിലെ നന്ദൻ പട്ടാളത്തിലേക്ക് ജോലിചെയ്യുവാൻ പോവുകയാണ് .നന്ദൻ നന്നായി പഠിച്ച ആഗ്രഹിച്ച നേടിയ ജോലിയാണിത് .നാട്ടിലെ എല്ലാവരെയും വിട്ടു കാശ്മീരിലെ ക്യാമ്പിലേക്ക് പോവുകയാണ് .ഹൃദയംനുറുങ്ങുന്ന വേദനയിലും അവൻ തളർന്നില്ല കാരണം തൻ തന്റെ ഭാരതാമ്മക്ക് വേണ്ടി ജോലി ചെയ്യാൻ പോവുകയാണ്. ചിരിച്ച മുഖവുമായി എല്ലാവരോടും യാത്രപറഞ്ഞു. ദിവസങ്ങളുടെ യാത്രക്കൊടുവിൽ കാശ്മീർ ക്യാമ്പിൽ അവൻ എത്തിച്ചേർന്നു.വന്നയുടനെ അവൻ അമ്മയെ വിളിച്ച് വിശേഷങ്ങൾ തിരക്കി .

ക്യാമ്പ് തുടങ്ങി കഠിനമായ പരിശീലനം. നാളുകൾ കഴിഞ്ഞു അവനൊരു പട്ടാളക്കാരനായി. ജോലി അങ്ങനെ കുഴപ്പമില്ലാതെ കടന്നുപോയിക്കൊണ്ടിരിക്കുന്നു .മുറിയിലെ സുഹൃത്തുക്കൾ അവരുടേതായ തിരക്കുകളിലാണ് ,അവൻ ഏകാന്തതയിലാണ്. മനസിലേക്ക് നാട്ടിലെ ഓർമ്മകൾ കടന്നുവന്നു :പാടം, പറമ്പ് ,കോവിൽ , ബന്ധുക്കൾ എന്നിങ്ങനെ. അതിനെയെല്ലാം മുറിച്ച് ഒരു ഫോൺകോൾ വന്നു അമ്മായിയായിരുന്നു അത് . വിശേഷം കല്യാണക്കാര്യം തന്നെ. ഞാൻ പിന്നെയാകട്ടെന്ന്പറഞ്ഞു .,അവൻ ചിന്തിച്ചു ആദ്യമായി ഒരു നോക്കിൽ കണ്ടു ഇഷ്ട്ടപെടുന്നതാണോ അതോ അറിഞ്ഞു മനസിലാക്കി സ്നേഹിക്കുന്നതാണോ നല്ലത്. അധികം വൈകിയില്ല മാറുന്ന ഇന്റർനെറ്റ് ബന്ധങ്ങളിലൂടെ അവൻ ഒരു പെണ്ണിനെ സ്നേഹിച്ചു അവളെ അടുത്തറിഞ്ഞു . എന്നാൽ അവന്റെ സ്നേഹം അവളോട് അവൻ പറഞ്ഞില്ല .നേരിട്ട് കണ്ടു പറയാമെന്നാണ് അവന്റ ആഗ്രഹം. കാലങ്ങൾ കഴിഞ്ഞു. ഇന്നവൻ പട്ടാളത്തിൽ ചേർന്നിട്ടു ഒരു വർഷം

ആവുകയാണ് ആദ്യത്തെ ലീവ് :നാട്ടിലേക്കുള്ള യാത്രയിൽ അവളായിരുന്നു

അവന്റെ മനസ്സിൽ .നാട്ടിൽ എത്തി രണ്ടാം ദിവസം അവനവളെക്കാണാൻ ആലപ്പുഴയിൽ എത്തി .അവളുട ജോലിസ്ഥലവും വീടുമെല്ലാം ചാറ്റിങ് ബന്ധത്തിലൂടെ അവനറിയാമായിരുന്നു .അവൻ അവളുടെ അടുത്തെത്തി തന്റെ മനസ്സ് അവൾക്കു മുന്നിൽ തുറന്നുകാണിച്ചു .എനിക്കുനിന്നെ ഇഷ്ടമാണ് എന്നാൽ അവൾ പറഞ്ഞത് അവനെ ഞെട്ടിച്ചുകളഞ്ഞു "നീയൊരു പട്ടാളക്കാരനാണ് .ഒരു തോക്കിന്റെ ഒരുണ്ട മതി നിന്റെ ജീവിതം തീരാൻ. നിന്റെജീവിതത്തിനു ഒരു ഉറപ്പുമില്ല .ആ നിന്നെ ഞാനെങ്ങനെ കല്യാണംകഴിക്കും?"എന്നായിരുന്നു അവളുടെ മറുപടി. നന്ദൻ പറഞ്ഞു ശരിയാണ് ഞാനൊരുപട്ടാളക്കാരനാണ് എന്റെ ജീവന്ഒരു ഉറപ്പുമില്ല എന്നാൽ നീയൊരുകാര്യം മനസ്സിലാക്കണം എന്നെപ്പോലെ ആയിരം പട്ടാളക്കാർ അതിർത്തിയിൽ വെള്ളം പോലും കിട്ടാതെ പിടഞ്ഞു മരിക്കുന്നു ,എല്ലാം നമ്മുടെ നാടിനു വേണ്ടി ഭാരതത്തിനു വേണ്ടി .ഞങ്ങളുടെ ജീവനാണ് നിങ്ങളുടെ സമാധാനപൂർണ്ണമായ ഉറക്കത്തിനുകാരണം .ഞാൻ നിന്നോട് ക്ഷമ ചോദിക്കുന്നു ,നിന്നെക്കുറിച്ചറിയാതെ എന്റെ ഇഷ്ടം നിന്നോട് പറഞ്ഞതിന്. എന്നാൽ ഞാൻ സങ്കടപ്പെടില്ല ഞാനെല്ലാം ത്യജിക്കുന്നതു എന്റെ ഭാരതാമ്മയ്ക്കു് വേണ്ടിയാണ് .ഭാരതത്തിനുവേണ്ടി ജീവൻ നൽകുന്ന ധീരജവാനാണെന്ന് മരിച്ചു കഴിയുമ്പോഴാണ് എല്ലാവരും പറയുന്നത് .വെടിയുണ്ടകൾ നെഞ്ചിൽ തറയ്ക്കുമ്പോൾ വന്ദേമാതരം എന്ന് വിളിക്കുന്ന ആ ഒരു നിമിഷത്തെ വേദന നിന്നെപ്പോലെയുള്ള തേപ്പുകാരികൾക്ക് മനസ്സിലാക്കാൻ കഴിയില്ല .

PAVITHRA .B

# ***കടംകഥകൾ***

അകം എല്ലും തോലും പുറം പൊന്തം പൊന്തം
വൈക്കോൽത്തുറു
അകത്തുരോമം പുറത്തിറച്ചി
മൂക്ക്
അച്ഛൻ തന്ന ചോറുരുള തിന്നിട്ടും തിന്നിട്ടും തീരുന്നില്ല
ചുണ്ണാമ്പ്
അച്ഛൻ തന്ന ചേല മുക്കിട്ടും മുക്കിട്ടും നനയുന്നില്ല
താമരയില
അടി പാറ , നടു വടി ,തല കാട്
ചേന
കാലില്ലാപന്തൽ
ആകാശം
ആനക്കൊമ്പിൽ നെടിയരി
പൂക്കുല
ആകാശത്തെത്തുന്ന തോട്ടി
കണ്ണ്
അപ്പം പോലെ തടിയുണ്ട് , അല്പം മാത്രം തലയുണ്ട്
ആമ
അടിയില്ലാത്ത ഭരണി
കിണർ

അജയ്

# കേരളനാട്

**വള്ളംകളിയുടെ നാട്**

മലയാളിതൻ നാട്

എങ്ങും എന്നും  പച്ച കാണും ഹരിത നാട്

തൊടിയിലും  തോട്ടിലും

കൊച്ച് കൊച്ച് പൂക്കൾ

നിറഞ്ഞു  നില്ക്കും നാട്  കേരളനാട്

തെയ്യം  തിറ പടയണി  അനുഷ്ഠാനങ്ങൾ

കൊണ്ടാടും  നാട് കേരളനാട്


നാനാജാതി മതസ്ഥർ ഒന്നായ്

വാഴും  നാട്  കേരളനാട്

ദൈവത്തിന്റെ സ്വന്തം നാട്







ADITHYAN.P.G






ADITHYAN · P.G

# <u>മഹത് വചനങ്ങൾ</u>

ആത്മവിശ്വാസം നഷ്ടപ്പെട്ടാൽ അധഃപതനത്തിന്റെ വക്കത്തെത്തും

സ്റ്റീഫൻസൺ

-കടന്നുപോയ നിമിഷങ്ങളെ പിടിച്ചുകൊണ്ടുവരാൽ ആർക്കും സാധ്യമല്ല

റിസ്റ്റൻകോൺ

-നൂറുക്കണക്കിനു ഗുരുക്കൻമാരുണ്ടാകാം .പക്ഷെ നല്ല ശിഷ്യന്മാർ എത്രയോ ചുരുക്കം

ശ്രീരാമകൃഷ്ണ പരമഹംസൻ

-ജിജ്ഞാസ ഉണ്ടെങ്കിൽ രസകരമായ പലതും ചെയ്യാൻ കാണും

വാൾട്ട് ഡിസ്നി


-വായനയിലൂടെയും എഴുത്തിലൂടെയും പരമാവധി അറിവുനേടുക

ലോർഡ് ആക്ടൺ

# മഹത് വ്യക്തികൾ

സ്റ്റീഫൻസൺ

വാൾട്ട് ഡിസ്നി






ശ്രീരാമകൃഷ്ണപരമഹംസൻ

ലോർഡ് ആക്ടൺ





# ഗണിതശാസ്ത്രത്തിന്കേരളത്തിന്റെസംഭാവന



ഭാരത്തിലെ മികച്ച ഗണിത ശാസ്ത്രജ്ഞനാണ് ആര്യഭടൻ.ക്രിസ്തു വർഷം 476 ൽ അശ്മകം എന്ന സ്ഥലത്താണ് ജനിച്ചത്. കേരളത്തിലെ കൊടുങ്ങല്ലൂരാണ് അശ്മകം എന്നറിയപ്പെടുന്നത് ആര്യഭട്ടീയം എന്ന ഗ്രന്ഥത്തിനലൂടെ ആര്യഭടൻ ജ്യോതിശാസ്ത്രത്തിന്റെ പുതിയ സാധ്യതകൾ തേടുന്നു.ഭ്രമിയുടെ ചുറ്റളവ് 25080 മൈലാണെന്ന് അദ്ദേഹം കണ്ടെത്തി.


ചില ഗവേഷണങ്ങൾ:

ട്രിഗോണോമാനോമട്രിയിലെ സൈൻ പട്ടിക തയ്യാറാക്കാനുള്ള സമ്പ്രദായം,




ബീജഗണിതം പ്രയോഗിക്കാനുള്ള മാർഗ്ഗ നിർദേശം,ശാസ്ത്രീയവും ലളിതവുമായ കാല വിഭജന,വർഗ്ഗമൂലംനിർണ്ണയിക്കാനുള്ളമാർഗ്ഗങ്ങൾ.

# MATHEMATICIANS

EUCLID ARCHIMEDES GAUSS


PYTHAGORUS NEWTON EINSTEIN EULER


PASCAL RAMANUJAN ADA LOVELACE






# ഗണിതശാസ്ത്ര ക്വിസ്



.ആധുനിക ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര് ?

ദക്കാരത്തെ




.ജ്യാമിതിയുടെ പിതാവ് എന്നറിയപ്പെടുന്നത് ആര് ?
യൂക്ലിഡ്



.ഗണിതശാസ്ത്രത്തിലെ രാജകുമാരൻ

എന്നറിയപ്പെടുന്നത് ആര് ?
ഗോസ്സ്




.

ഭാരതത്തിന്റെ യൂക്ലിഡ് എന്നറിയപ്പെടുന്നത് ആര് ?

ഭാസ്കരാചാര്യർ




സംഖ്യാശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് ആര് ?
ഫെർമ പിയറെദെ
ഭാരതത്തിൽ ആദ്യമായി ന്യൂനസംഖ്യകൾ



കൈകാര്യം ചെയ്ത ഗണിതശാസ്ത്രജ്ഞൻ ആര് ?
ബ്രഹ്മഗുപ്തൻ




.'ഗണിതശാസ്ത്രത്തിലെ അത്ഭുത വനിത' എന്നറിയപ്പെടുന്നത് ആര് ?
ശകുന്തളാദേവി



ഗണിതശാസ്ത്രജ്ഞൻമാരുടെ ഗണിതശാസ്ത്രജ്ഞൻ

എന്നറിയപ്പെടുന്നത് ആര് ?ആർതർ കെയ്ലി



യൂക്ലിഡിന്റെ ഗണിതശാസ്ത്ര ഗ്രന്ഥത്തിന്റെ


പേരെന്ത് ?എലിമെൻറ്സ്




പൂജ്യം കണ്ടു പിടിച്ചത് ഏത് രാഷ്ട്രം ? ഭാരതീയർ

സൂരജ്

.



# നമ്മളിൽ തുടങ്ങി നമ്മളിൽ ഒരാളായി

സിനിമയോട് തീവ്രമായ സ്നേഹം ആ ചെറുപ്പക്കാരൻ കാത്തു സൂക്ഷിച്ചിരുന്നു . ഓരോ കാര്യത്തിനും സംശയം ചോദിച്ചിരുന്നു ധൃതിയിടാതെ ചെയ്യുന്ന ഓരോ കാര്യവും മനോഹരമായി മാറ്റാൻ ഞാൻ പറഞ്ഞു .'നമ്മൾ' വലിയ ഹിറ്റായി. ജിഷ്ണു മറ്റു സിനിമകളിൽ അഭിനയിച്ചു നാൾക്കു നാൾ ഒന്നിനൊന്ന് മെച്ചപ്പെട്ടു വന്നു. സിനിമയിലും വക്തി ജീവിതത്തിലും നൂറു ശതമാനം മാന്യമായ ,സത്യസന്ധമായ പെരുമാറ്റം ,നല്ല സ്വഭാവം. പ്രഫഷണലിസത്തെക്കുറിച്ചും പറയേണ്ടിയിരുന്നു: ആറു മണിക്കുസൈറ്റിലെത്തണമെന്നു പറഞ്ഞാൽ 5.55 നു മുൻപേ എത്തിയിരിക്കും .ഇതിനു കാര്യവുമുണ്ട് :മാന്യനായ ഒരച്ഛൻ വളർത്തിയ കുട്ടിയാണവൻ .രോഗിയായപ്പോൾ ജീവിതത്തോട് പോസിറ്റീവായ സമീപനമെടുത്ത് മനക്കരുത്തോടെ ജീവിതത്തെ നേരിട്ട അവന്റെ ആത്മധൈര്യം എടുത്തു പറയേണ്ടതാണ്. സിനിമയിൽ ജിഷ്ണുവിനു ഇനിയും ഏറെ ചെയ്യുവാനുണ്ടായിരുന്നു. പക്ഷേ കാലം അതിനു സമ്മതിക്കാതെ തിരിച്ചുവിളിക്കുകയായിരുന്നു. ഈ നഷ്ടം വലതും വേദനയുള്ളതുമാണ്

# കലാംമൊഴികൾ

.ഒരു  വിദ്യാർത്ഥിയുടെ ഏറ്റവും പ്രധാന സ്വഭാവ സവിശേഷത ചോദ്യം ചോദിക്കാനുള്ള ആർജവം  ആണ് .വിദ്യാർത്ഥികൾ ഇപ്പോഴും ചോദ്യങ്ങൾ ചോദിക്കണം.

.ജീവിതത്തിൽ എന്ത് ഉയർച്ചയും താഴ്ചയും ഉണ്ടായാലും അവസാന മൂലധനം ചിന്തയും ആലോചനയും ആയിരിക്കും

.ആദ്യ വിജയം നേടുമ്പോൾ വിശ്രമിക്കരുത് .രണ്ടാം വട്ടം അഥവാ പരാചയപെട്ടുപോയാൽ ഭാഗ്യം കൊണ്ടാണ് ആദ്യ വിജയമുണ്ടായതെന്നു പറയുവാൻ ഒരുപാട് ആളുകൾ  ഉണ്ടാകും .

.മനുഷ്യൻ ബുദ്ധിമുട്ടുകളെ അഭിമുഖീകരിക്കേണ്ടതുണ്ട് ,എങ്കിൽ മാത്രമേ വിജയം ആസ്വദിക്കാൻ കഴിയൂ .

.ഒരിക്കലും തോറ്റുകൊടുക്കരുത് ,ഒരു പ്രശ്നവും നമ്മെ തോൽപിക്കാൻ അനുവദിക്കുകയുമരുത് .

.കഠിനാധ്വാനികളെ മാത്രമേ ദൈവം സഹായിക്കൂ ....ഈ തത്വം മറക്കരുത്

.ആകാശത്തേക്ക് നോക്കൂ ...നമ്മൾ തനിച്ചല്ല. എന്നാൽ സ്വപ്നം കാണുന്നവരോടും കഠിനാധ്വാനികളോടും മാത്രമേ  ഈ പ്രപഞ്ചം  സംവദിക്കൂ .....


.സ്വപ്നം കാണുക .......

സ്വപ്നം കാണുക .......

സ്വപ്നം കാണുക .......

സ്വപ്നങ്ങൾ ചിന്തകളായി മാറും

ചിന്തകൾ പ്രവർത്തിയിലേക്ക്  നയിക്കും .......



## _നങ്ങേലിയും ഉണ്ണിയും



ആറ്റിൻ വക്കത്തെ മാളികവീട്ടിലി
ന്നാറ്റുനോറ്റിട്ടൊരുണ്ണി പിറന്നു
ഉണ്ണിയ്ക്കരയിനല കിങ്ങിണി പൊന്നുകൊ
ണ്ടുണ്ണിക്കു  കാതിൽ കുടക്കടുക്കൻ
പാപ്പം കൊടുക്കുന്നു പാലുകൊടുക്കുന്നു
പാവകൊടുക്കുന്നു നങ്ങേലി
കാച്ചിയ മോരൊഴിച്ചൊപ്പി വടിച്ചിട്ട്
കാക്കേ പൂച്ചേ പാട്ടുകൾ പാടീട്ട്
മാനത്താംബിളി മാമനെ കാട്ടീട്ട്
മാമു കൊടുക്കുന്നു നങ്ങേലി
താഴെവച്ചാലുറുംബരിച്ചാലോ
തലയില് വച്ചാലുറുംബരിച്ചാലോ
തങ്കക്കുടത്തിനെത്താലോലം പാടീട്ടു
തങ്കക്കട്ടിലിൽപ്പട്ടു വിരിച്ചിട്ടു
തണതണെ പൂഞ്ചുട തട്ടിയുറക്കീട്ടു
ചാഞ്ഞുമയങ്ങുന്നു നങ്ങേലി

(ഇടശ്ശേരി ഗോവിന്ദൻനായർ)

# പഴഞ്ചൊല്ലുകൾ

സമ്പത്തുകാലത്തു തൈപത്തു വെച്ചാൽ ആപത്തുകാലത്തു
കാപത്തുതിനാം

എല്ലുമുറിയെ പണിയെടുത്താൽ പല്ല്മുറിയെത്തിനാം
ഞാറുറച്ചാൽ  ചോരുറച്ചു

വിത്ത് കുടി  തിന്നരുത്
ഉഴുതുന്നവനറിയുമോ   വിതയ്ക്കുന്ന വിത്ത്

താൻപാതി  ദൈവം പാതി
മടിയൻ  മലചുമക്കും

വിത്താഴം ചെന്നാൽ  പത്തായം നിറയും
വിദ്യാധനം  സർവ്വധനാൽ പ്രധാനം

യത്നം വിതച്ചാൽ രത്നം വിളയും
മകരത്തിൽ  മഴപെയ്താൽ മലയാളം മുടിയും

ചൊട്ടയിലെ  ശീലം ചുടലവരെ
കാണം  വിറ്റും ഓണം ഉണ്ണണം

പ്രമൽനാഥ്

# ശതമാനം


ശതമാനമേ ഗണിത സന്താനമേ
മണ്ണില് നൂറിന്റെ അനുമാനമേ
ഏതു ഭിന്നം പോലും നിൻരൂപമാകുന്നു
നീ ഗണിതത്തിന്റെ വരദാനമെ(ശതമാനമേ )

ആദ്യമായ് നാം ഭിന്നം നേരെയങ്ങെഴുതും
നൂറിനാൽ ഗുണിക്കുന്നു നാമതിനെ
ഗണിതം മധുരം ഗുണനവും കഴിഞ്ഞു
പൂജ്യം ഇടുന്നു ഉടനെയൊരു പൂജ്യം ഇടുന്നു ലളിതമിതു
ഗണിതമിതു മധുരമതു മനസിലതുഒളിവിതറി
ഹരണമതിനെ ഛേദവുമായ് നാം ( ശതമാനമേ )

ഏതൊരു സംഖ്യയും തന്നതിൽ നിശ്ചിത
പേർസെന്റ് കാണുവാൻ നാമതിനു
ചെറുതായി ഗുണനം  അകത്തലമുണർന്നു
മാർഗ്ഗം തെളിഞ്ഞു മനസിലതു മലരായ് വിരിഞ്ഞു ലളിതമിതു
ഗണിതമിതു മധുരമിതു മനസിലതുമൊളിവിതറി
ഗുണനം സംഖ്യയെ നൂറിൽ പേർസെന്റുമായ്

(സംഗീതമേ അപരസല്ലാപമേ......എന്ന ഈണത്തിൽ ആലപിക്കുക)

ആനന്ദജിത്ത്


ADITHYAN.

# ക്വിസ് ഇന്ത്യ

ഇന്ത്യയിലെ ആദ്യത്തെ പ്രസിഡന്റ് ?
ഡോക്ടർ രാജേന്ദ്രപ്രസാദ്

ഇന്ത്യയിലെ ആദ്യത്തെ വൈസ് പ്രസിഡന്റ് ?
ഡോക്ടർ സർവേപ്പള്ളി രാധേകൃഷ്ണൻ

ഇന്ത്യയിലെ ആദ്യത്തെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ?
ഹരിലാൽ ജെ കാനിയ്യ

ഇന്ത്യയിലെ ആദ്യത്തെ ചീഫ് എലെക്ഷൻ കമ്മീഷണർ ?

സുകുമാർ സെൻ ഇന്ത്യയിലെ ആദ്യത്തെ പ്രധാനമന്ത്രി ?
ജവാഹർലാൽ നെഹ്റു

ഇന്ത്യയിലെ ആദ്യത്തെ ഉപപ്രധാനമന്ത്രി ?
സർദാർ വല്ലഭായ് പട്ടേൽ

ഇന്ത്യയിലെ ആദ്യത്തെ പൈലറ്റ്]?

ജെ ആർ ടി ടാറ്റ ഇന്ത്യയിലെ ആദ്യത്തെ വ്യോമസേന മേധാവി ?
എയർ മാർഷൽ സർ തോമസ് ഇലിഷ്ട

ഇന്ത്യയിലെ ആദ്യത്തെ നാവികസേനാ മേധാവി ?
അഡ്മിറൽ ആർ കെ കത്താരി


ഇന്ത്യയിലെ ആദ്യത്തെ ഫീൽഡ് മാർഷൽ ?
എസ് എച് എഫ് ജെ മനേക്ഷാ

ഇന്ത്യയിലെ ആദ്യത്തെ എയർ മാർഷൽ ?
അർജ്ജുൻ സിങ്

ഇന്ത്യയിലെ ആദ്യത്തെ പത്രം ?
ബംഗാൾ ഗസറ്റ്

ഇന്ത്യയിലെ ആദ്യത്തെ ഓഷനേറിയം ?ഗോവ


BY,
GowriChandra.T.S
VIII.A



# മലയാളത്തിന്റെപുസ്തകമുത്തച്ഛൻ

1909 മാർച്ച് ഒന്നിന് കുട്ടനാട്ടിലാണ് പി. എൻ പണിക്കർ ജനിച്ചത്. കുട്ടിക്കാലത്തുത്തന്നെ വായനയോട് താൽപര്യം കാട്ടിയിരുന്നപണിക്കർദിനപത്രംനാട്ടുക്കാർക്കുവായിച്ചുകൊടുക്കുമായിരുന്നു. ഈ വായന കൗതുകം തന്നെയായിരുന്നു. അദ്ദേഹത്തോടുള്ള ആദരവും സ്നേഹവും കടപ്പാടും ഓർമ്മിക്കാൻവേണ്ടിയാണ് ജൂൺ19 വായനാദിനമായി ആചരിക്കുന്നത്.

"വായിച്ചു വളരുക ചിന്തിച്ച് വിവേകം നേടുക"- എന്ന മുദ്രാ വാക്യവുമായി 1970 ൽ കാസർകോട് നിന്ന് തിരുവനന്തപുരം വരെഏതാനും അക്ഷരസ്നേഹികൾ നടത്തിയ മഹത്തായ വായനാസന്ദേശയാത്രയുടെ നായകൻ പി. എൻ പണിക്കരായിരുന്നു.ഈ സന്ദേശയാത്ര കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ വലിയ ചലനമുണ്ടാക്കി . നമ്മുടെ നാടിന്റെ മുക്കിലും മൂലയിലും നൂറുകണക്കിന് വായനശാലകൾ രൂപീകരിക്കപ്പെട്ടു .കേരളം ഗ്രന്ഥശാലാസംഘത്തിന്റെ സ്ഥാപകൻ, സമ്പൂർണ സാക്ഷരതാ യജ്ഞത്തിന്റെ മുഖ്യ ശില്പി ,സൗഹൃദഗ്രാമം പദ്ധതിയുടെ ഉപജ്ഞാതാവ് , ഗ്രന്ഥലോകം മാസികയുടെ തുടക്കക്കാരൻ എന്നീ നിലകളിലും അദ്ദേഹം സാംസ്കാരിക കേരളത്തിന്റെ കണ്ണിലുണ്ണിയായി മാറി .

(ജോയിഷ മരിയ ജോയി)

# ശാസ്ത്രക്വിസ്

ദേശീയ ശാസ്ത്ര ദിനം ?

ഫെബ്രുവരി 28

ലോക ഭക്ഷ്യ ദിനം ?

ഒക്ടോബർ 16

ഓസോൺ ദിനം ?

സെപ്റ്റംബർ 16

മനുഷ്യരിൽ ഹൃദയമിടിപ്പ് ഒരു മിനിറ്റിൽ ഏകദേശം എത്ര പ്രാവശ്യമാണ് ?

72

മനുഷ്യരിലെ വാരിയെല്ലുകളുടെ എണ്ണം ? 24

മനുഷ്യ ശരീരത്തിലെ മസിലുകളുടെ എണ്ണം ? 639

തലയോട്ടിയിലെ അസ്ഥികളുടെ എണ്ണം ? 22

മനുഷ്യന്റെ കയ്യിലെ എല്ലുകളുടെ എണ്ണം

30

ശരീരത്തിലെ ഏറ്റവും വലിയ അസ്ഥി

തുടയെല്ല്

ഏറ്റവും ചെറിയ അസ്ഥി ?

സ്റ്റേപിസ്

ശരീരത്തിലെ ഏറ്റവും കട്ടപ്പമേറിയ പദാർത്ഥം ? ഇനാമൽ

ഏറ്റവും ബലമേറിയ പേശി ?

താടിയിലെ പേശി

ഹൃദയസ്പന്ദനങ്ങളെ നിയന്ത്രിക്കുന്ന മസ്തിഷ്കഭാഗം ?മെഡുല്ല ഒബ്ലാംഗേറ്റ

# സ്കൂൾ ക്വിസ്സ്

1,കേരളത്തിലെ ഏറ്റവും വലിയ റഫറൻസ് ലൈബ്രറി ?

സാഹിത്യ അക്കാദമിയിലെ ലൈബ്രറി

2,ചിത്ര ശില്പകലകളുടെ വികസനം ,സംരക്ഷണം എന്നിവ ലക്ഷ്യമാക്കി 1962-ൽ സ്ഥാപിച്ച സർക്കാർ സ്ഥാപനം ?

ലളിത കല അക്കാദമി

3,കേരളത്തിലെ പ്രമുഖ കല സാംസ്കാരിക കേന്ദ്രം?

കേരള കലാമണ്ഡലം

4,കലാമണ്ഡലത്തിൻെറ ആസ്ഥാനം?

തൃശ്ശൂർ ജില്ലയിലെ ചെറുത്തുരുത്തി

5,കേരള സംസ്കൃത സർവകലാശാല ആസ്ഥാനം?

കാലടി

6,മറിയാമ്മ എന്ന നാടകത്തിന്റെ രചയിതാവ്?

കൊച്ചീപ്പൻ തരകൻ

7,തിരുവിതാംകൂർ സർക്കാർ നിരോധിച്ച ആദ്യ നാടകം?

നവയുഗം

8,ഗാന്ധിജി വെടിയേറ്റു വേണ സ്ഥലം?

ബിർളാ മന്ദിർ

9,മഹാത്മാഗാന്ധി ജനിച്ച ദിവസം?

1869 ഒക്ടോബർ 2

10,മലയാള നാടകവേദിയിൽ ആദ്യമായി അവതരിക്കപ്പെട്ട നാടകം?

ഭാഷ ശാകുന്തളം

# തെയ്യകം താരാ ....

തെയ്യകം തെയ്യകം താരാ
തെയ്യകം തെയ്യകം തെയ്യകം താരാ
പാടത്തു നിൽക്കണ്ണോ പൂന്നാരപെണ്ണേ
പാട്ടൊന്നു പാടേടി  പൂന്നാരപെണ്ണേ
തെയ്യകം തെയ്യകം താരാ
തെയ്യകം തെയ്യകം താരാ

ഇന്നത്തെ പെണ്ണൊരു പാട്ടുപാടാതെ
ഇന്നത്തെ പെണ്ണിനൊരുഈണമിയിലത്തെ
തെയ്യകം തെയ്യകം താരാ
തെയ്യകം തെയ്യകം താരാ

ഞാറുനടുമനേരം  പാടുന്ന പാട്ട്
ഞാറുനടുമ്പം വള കിലുക്കട്ടെ
തെയ്യകം തെയ്യകം തെയ്യകം  താരാ

ചാകരമാവിന്റെ കൊമ്പത്തിരുന്ന്
ഓടകുഴലിളികുന്നത് തേവൻ
തെയ്യകം തെയ്യകം തെയ്യകം താരാ

# എന്റെ യാത്രാവിവരണം

ഞാൻ യാത്ര പോയത് അത്ര വല്യ പ്രശസ്തമായ സ്ഥാലത്തൊന്നുമല്ല .ഇവിടം ഞാൻ സന്ദർശിച്ചത് മുതിർന്നവരുടെ ആരുടേയും സഹായത്തോടെയല്ല ഇത് ആലപ്പുഴയിലെ കൈനകിരി എന്ന സ്ഥലത്താണ് .

ഒരു വേനൽ അവധിക്കു എന്റെ 'അമ്മ വീട്ടിൽ നിൽക്കാൻ പോയ കാര്യമാണ് ഞാൻ ഇവിടെ വിവരിക്കുന്നത്. ആലപ്പുഴ എന്ന് കേൾക്കുമ്പോഴേ നമ്മുടെ മനസ്സിലേക്ക് ഓടി എത്തുന്നത് ഒഴുകുന്ന കായലും അതിന്റെ കൈ വഴികളായ തോടുകളും പിന്നെ പാടങ്ങളുമാണ്. പച്ചപ്പുകൊണ്ട് മാത്രം തലനീട്ടി നിൽക്കുന്ന വൃക്ഷങ്ങളും നെൽക്കതിരുകളും .ഞാൻ പോയ സ്ഥലം പാടത്തിന്റെ നടുവിലാണ്.പരുവപ്പറമ്പ് എന്നാണ് എല്ലാവരും ആ പറമ്പിനെ വിശേഷിപ്പിക്കുന്നത്.എന്റെ പ്രായമുള്ള കുറെ കുട്ടികൾ ആ സ്ഥലത്തുണ്ട്.ഞങ്ങൾ എല്ലാവരുംകൂടി ഒരു ദിവസം അങ്ങോട്ട് പോയി.പാടത്തു വെള്ളം കെട്ടിയിരിക്കുന്ന സമയമായിരുന്നു.അതുകൊണ്ടു ഞങ്ങൾ ഒരുപട് ബുദ്ധിമുട്ടി.വെള്ളത്തിലും ചെളിയിലും വീഴാതെ പടത്തിന്റെ ഇടയിലുള്ള വരമ്പിലൂടെ വേണം സഞ്ചരിക്കാൻ മഴയുടെ നിർത്താതെയുള്ള പെയ്ത്തു മൂലമായിരിക്കണം അവിടെ നിറയെ വെള്ളം ഉണ്ടായിരുന്നു.ഇടയ്ക്കിടെ മീനുകൾ സഞ്ചരിക്കുന്നുണ്ടായിരുന്നു വരമ്പിലൂടെയുള്ള യാത്ര എനിക്ക് വളരെ പ്രിയകരമായിരുന്നു.ആധിർക്യമേറിയ യാത്രയ്ക്ക് ശേഷം ഞങ്ങൾ ആ സ്ഥലത്ത് എത്തിച്ചേർന്നു.നിറയേ മരങ്ങളാൽ ചുറ്റപ്പെട്ട ഒരു സ്ഥലമായിരുന്നു അത്. ശരിക്കും ഒരു കാട്.അവിടുത്തെ ആൾക്കാർ അവിടെ പ്രേതമുണ്ട് എന്ന് പറയുന്നത് സത്യമാണ് എന്ന് എനിക്ക് അപ്പോൾ തോന്നി.ഞങ്ങൾ അതിനുള്ളിൽ പ്രവേശിച്ചു.ഞങ്ങൾ അപ്പോൾ കണ്ടത് പ്രേതാലയം പോലെ തോന്നിക്കുന്ന ഒരു വീടാണ്.ആൾത്താമസം ഇല്ല എന്ന് ഒറ്റ നോട്ടത്തിൽ തന്നെ മനസ്സിലാകും.നമ്മുടെ ഭാഷയിൽ പറഞ്ഞാൽ ഒത്ത ഒരു ഭാർഗവീനിലയം .കണ്ടാൽ തന്നെ പേടിതോന്നും .ഏത് നിമിഷവും ഇടിഞ്ഞു വീഴാം എന്ന നിലയിലാണ് ആ വീടിന്റെ നിൽപ് .എങ്കിലും ഞങ്ങൾ അകത്തേക്ക് കയറി .എന്താണാ വീടിനുള്ളിൽ എന്ന് അറിയാൻ ഞങ്ങൾക്ക്

ആകാംഷയായിരുന്നു. ചുറ്റുവട്ടത്തെങ്ങും ഒരൊറ്റവീട്ടുപോലുമില്ല .തിരിച്ചുപോകമെന്നു ചിലർ പറഞ്ഞെങ്കിലും ഞാൻ അതിനു തയ്യാറില്ല .എനിക്കെങ്ങനെയെങ്ങിലും അതിനുള്ളിൽ കയറണം .മനസ്സിലെ ചിന്തകൾ കാരണമോ സംശയങ്ങൾ കാരണമോ ആരോ ആ അകത്തളങ്ങളിലൂടെ നടക്കുന്നതായി തോന്നി .

എങ്കിലും എല്ലാവർക്കും ഒരുമിച്ചു അങ്ങനെ തോന്നുമോ ?വീടിനുള്ളിൽ കടക്കാൻ എന്തെങ്കിലും വഴി ഉണ്ടാകുമെന്നു ഞങ്ങൾക്ക് ഉറപ്പായിരുന്നു .ആ വഴിക്കായി ഞങ്ങൾ പരതി .ഞങ്ങളുടെ ഊഹം തെറ്റിയില്ല .അവിടെ ഒരു വാതിൽ ഉണ്ടായിരുന്നു .അത് തുറന്ന്

കിടക്കുകയായിരുന്നു .അകത്തു തീരെ വെട്ടമില്ല.അകത്തോട്ടു കേറാൻ ശ്രമിക്കുമ്പോൾ ആരോ വേണ്ട വേണ്ട എന്ന് പറയുന്നതായി ഞങ്ങൾക്ക് തോന്നി .അകത്തുനിന്നു ചില ശബ്ദങ്ങളൊക്കെ കേൾക്കുന്നുണ്ട് .പക്ഷെ ഒന്നും കാണാൻ കഴിയുമായിരുന്നില്ല .ഞങ്ങൾ എല്ലാവരും കൈകൾ കോർത്തങ്ങനെ നിന്നു .ആ ശബ്ദം ഞങ്ങളുടെ അടുത്തേയ്ക്കു വന്നു.തിളങ്ങുന്ന രണ്ടു മുത്തുകൾ ,അവ ഞങ്ങളുടെ അടുത്തേയ്ക്ക് വരുകയാണ്.ആർക്കും തന്നെ പുറകോട്ടോ മുൻപോട്ടോ ഒരടിപോലും വെക്കാൻ പറ്റാത്ത അവസ്ഥ .ഞങ്ങളുടെ ശബ്ദം കേട്ടിട്ടാവണം അത് പെട്ടന്ന് അപ്രത്യക്ഷമായി .ഏതായാലും അപ്പോൾ തന്നെ ഞങ്ങൾക്ക് സമാധാനമായി. കയ്യിലുണ്ടായിരുന്ന മൊബൈലിന്റെ വെളിച്ചത്തിൽ ഞങ്ങൾ രണ്ടു ജനലുകൾ തുറന്നിട്ടു .അപ്പോൾ അവിടം പ്രകാശപൂരിതമായി .പിന്നെയും അവിടെ ഒച്ചകൾ ഞങ്ങൾ കേട്ടു .ഞങ്ങൾ അപ്പോൾ അവിടേക്ക്ചെന്നു

കഷ്ടം ,കുറച്ചു പൂച്ചകൾ . ഞങ്ങൾക്ക് ചിരിവന്നു .അവിടെ ഒരു കുഴപ്പവുമില്ല എന്ന ധൈര്യത്തിൽ ഞങ്ങൾ കോണിപ്പടി ഇറങ്ങി .അപ്പോൾ അവ ഞങ്ങളെ പറ്റിച്ചെന്ന് പറഞ്ഞു കളിയാക്കുന്നതായി ഞങ്ങൾക്ക് തോന്നി .

നമ്മുടെ മനസ്സിന്റെ വികാരങ്ങളാണ് നാം കാണുന്ന ഓരോ വസ്തുവിലും നിഴലിക്കുന്നത് എന്നെനിക്ക് ബോധ്യമായി .പിന്നീട് ഞങ്ങൾ ഒരിക്കലും അങ്ങോട്ട് പോയിട്ടില്ല എന്നത് സത്യമാണ് കേട്ടോ ........!

Athulya Anilkumar

## കവിത

വായന നമ്മുടെ വ്യായാമം
അറിവുകൾ നേടുന്ന വ്യായാമം
വളരാനുള്ളൊരു വ്യായാമം
വിളയാനുള്ളൊരു വ്യായാമം

പുസ്തകങ്ങളിലൂടൊരു വ്യായാമം
അക്ഷരങ്ങളിലൂടൊരു വ്യായാമം
നല്ലവനാകാനൊരു വ്യായാമം
അപ്പൂപ്പൻ തന്നൊരു വ്യായാമം

ആ അപ്പൂപ്പൻ ആരെന്നറിയാമോ ?

അതാണ് നമ്മുടെ പി എൻ പണിക്കർ

പൂജ ആർ

# നന്ദി

സ്നേഹം നിറഞ്ഞ കൂട്ടുകാരേ,

കാലം മാറിയതോർത്തിടാതെ കഴിഞ്ഞ നാളിലെ

ഓർമകൾ മനസ്സിൽ ഓടികയറുമ്പോഴും

വാക്കുകൾ നിശബ്ദമാകുന്ന നേരം ഓർമ്മകൾ

വർണ്ണങ്ങളായുംവർണ്ണങ്ങൾആഹ്ളാദമായുംമാറുന്ന
സ്നേഹബന്ധങ്ങൾ ഒരിക്കലും അളക്കാനാവില്ല. ഈ
കൈയെഴുത്ത് മാസികയുടെ പണിപ്പുരയിൽ നിങ്ങൾ കാണിച്ച
സ്നേഹത്തിനും സഹകരണത്തിനും നന്ദി.

മയിൽപീലി

